II ഇ. ബി. XIV - കേരള നിയമസഭ/IX- 4

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ജനുവരി 31, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10(*121) കേന്ദ്ര ഹജ്ജ് നയത്തിലെ നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, സുപ്രീം കോടതി നിർദ്ദേശാനുസരണം ഓരോ അഞ്ചുവർഷത്തേയ്ക്കുമാണ് കേന്ദ്ര സർക്കാർ ഹജ്ജ് നയം രൂപീകരിക്കുന്നതെന്നും 2017 നവംബർ മാസത്തിൽ 2018-22-ലെ പുതിയ ഹജ്ജ് നയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഹജ്ജ് സബ്സിഡി 10 വർഷംകൊണ്ട് പൂർണ്ണമായും ഇല്ലാതാക്കണമെന്നും 2013 മുതൽ ക്രമാനുഗതമായി സബ്സിഡി കുറച്ചുകൊണ്ടുവരണമെന്നും ഹജ്ജ് സീസണിൽ വിമാനക്കമ്പനികൾ അമിത ചാർജ് ഈടാക്കുന്നത് പുനഃപരിശോധിക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചെങ്കിലും കേന്ദ്രസർക്കാർ ഹജ്ജ് സബ്സിഡി

നിർത്തലാക്കുകയാണ് ചെയ്തത്. സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർക്കുള്ള ക്വാട്ട വർദ്ധിപ്പിച്ചതും സർക്കാർ ഹജ്ജ് കമ്മിറ്റികളുടെ ക്വാട്ട കുറയ്ക്കുകയും ചെയ്തത് പ്രത്യേക ഉത്തരവിലൂടെ കേന്ദ്ര സർക്കാർ പുനഃസ്ഥാപിച്ചിട്ടുണ്ട്. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ഹജ്ജ് ക്വാട്ട നിശ്ചയിക്കണമെന്നും കേരളത്തിലെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോടാക്കണമെന്നും ഹജ്ജിനുവേണ്ടി വിമാനങ്ങൾ ചാർട്ട് ചെയ്യുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും അമിത വിമാന ചാർജ് കുറച്ചുകൊണ്ടുവരുന്നതിനായി ആഗോള ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഹജ്ജിന് പോകുന്നതിനായി അഞ്ചാം തവണ അപേക്ഷിക്കുന്നവർക്കുണ്ടായിരുന്ന മുൻഗണന പുന:സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 70 വയസ്സിന് മുകളിലുള്ളവർക്ക് നറുക്കെടുപ്പിൽ പങ്കെടുക്കാതെ ഒരു സഹായിയെ കൊണ്ടുപോകാമെന്നുള്ള ഭേദഗതി കേന്ദ്ര ഹജ്ജ് കമ്മിറ്റി വരുത്തിയിട്ടുണ്ടെന്നും ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ട പ്രവാസികളായ അപേക്ഷകരുടെ പാസ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടെന്നും കൊച്ചിയിൽ ഹജ്ജ് ഹൗസ് നിർമ്മിക്കാൻ സർക്കാരിന് ഉദ്ദേശമില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11(*122) <u>സമഗ്ര ജൈവ കൃഷി പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, 2016-17 സാമ്പത്തിക വർഷത്തിൽ സമഗ്ര ജൈവ കൃഷി പദ്ധതി നടത്തിപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിവിധ പ്രവർത്തനങ്ങൾക്ക് 305.61 ലക്ഷം രൂപ ചെലവഴിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന് 1000 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി വരൾച്ചയെ പ്രതിരോധിക്കാൻ സാധിക്കുന്ന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ പദ്ധതി നടപ്പിലാക്കുമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സ്കീമുകൾ സമന്വയിപ്പിച്ച് ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതാണെന്നും ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും എന്ന പദ്ധതിയിൻകീഴിൽ 2016-17 സാമ്പത്തിക വർഷം റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 7500/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്ത് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജൈവപച്ചക്കറി വിപണനത്തിനായി ഈ വർഷം 317 ഇക്കോഷോപ്പുകൾ ആരംഭിക്കുമെന്നും 'കേരള ഓർഗാനിക് ' എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷൻ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നതിന് ഇൻസെന്റീവും

അവ സംഭരിച്ച് വിപണനം ചെയ്യുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പും കുടുംബശ്രീയും ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും നല്ല മുറ കൃഷി പരിപാലന രീതി, സേഫ് ടു ഈറ്റ്, ഗ്യാരന്റി പാർട്ടിസിപ്പേറ്ററി സിസ്റ്റം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ജൈവവള ഉൽപ്പാദനത്തിലും ജൈവകൃഷിയിലും പരിശീലനം നൽകുന്നതാണെന്നും കുട്ടനാടൻ മേഖലയിലെ 42000 ഹെക്ടർ സ്ഥലത്ത് ജൈവരീതിയിലുള്ള കൃഷി പരിശീലിപ്പിക്കുന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും പാക്കറ്റിലുള്ള ജൈവവളങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ജൈവ രീതിയിൽ മൂലകങ്ങൾ ഉത്പാദിപ്പിച്ചുകൊണ്ട് മണ്ണിലെ എൻ.പി.കെ.-യുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ലബോറട്ടറികളെ വികസിപ്പിക്കുന്നതിനും തൃക്കാക്കരയിലെ വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ടിഷ്യൂ കൾച്ചർ വാഴത്തൈകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വയനാട് ജില്ലയിൽ പുഷ്പകൃഷി ആരംഭിക്കുന്നതിനും ആദിവാസി മേഖലയിൽ കാലാവസ്ഥയ്ക്കനുസരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി

സ്വീകരിക്കുന്നതാണ്. രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കാൻ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന നിർദ്ദേശം നൽകിവരുന്നുണ്ടെന്നും ജൈവവളങ്ങളും ജൈവ കീടനാശിനികളും കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് കാർഷിക വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും കീടനാശിനി പ്രയോഗത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുകയും നിരോധിത കീടനാശിനികളുടെ ഉപയോഗം തടയുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12(*123) <u>തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകൾ ഏകീകരിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത നടപടികൾ അവസാനഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിനും

പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാന-ജില്ലാതലങ്ങളിൽ സാങ്കേതിക പ്രൊഫഷണൽ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥ സംവിധാനം ഉറപ്പാക്കുന്നതിനും ജോലി ഭാരം ഏകീകരിക്കുന്നതിനും പ്രസ്തുത പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഇതിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ. എ. അജിത്കുമാറിനെ ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത പൊതുസർവ്വീസ് രൂപീകരണംമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച് കണക്കാക്കിയിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതാണെന്നും പഞ്ചായത്ത്, മുനിസിപ്പൽ വകുപ്പുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതാണെന്നും സ്പിൽ ഓവർ വർക്കുകൾക്കാവശ്യമായ തുക ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13(*124) <u>അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾ</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് പദ്ധതിയിൽ 2358 കോടി രൂപയുടെ 379 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ഭരണാനുമതി നൽകിയ 355 പ്രോജക്ടുകളിൽ 8 എണ്ണം

പൂർത്തിയാകുകയും ബാക്കിയുള്ളവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും അമൃത് നഗരങ്ങളായ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈ പവേർഡ് സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ടെന്നും അമൃത് പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും നഗരസഭകളും സംയുക്തമായി നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രോജക്ടുകൾക്കും സാങ്കേതിക അനുമതി നൽകുന്നതിനായി സമയക്രമം നിശ്ചയിച്ച് നൽകുകയും ഘടകപദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും പ്രസ്തുത പദ്ധതിക്കായി 397.72 കോടി രൂപ അനുവദിക്കുകയും പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പങ്കാളിയായി കെ.എം.ആർ.എൽ.നെ നിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രോജക്ടുകളുടെ വിശദ രൂപരേഖ

തയ്യാറാക്കുവാനും ടെണ്ടർ ചെയ്യുവാനുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നുവെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്കായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും പദ്ധതിയുടെ പ്രവർത്തനത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും സ്മാർട്ട് സിറ്റി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈ പവേർഡ് സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1516 മുതൽ 1819 വരെയുള്ള ചോദ്യങ്ങളിൽ 65 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)